**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2736** **13-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിൽ നടപ്പാക്കിയ പദ്ധതികളിലെ അഴിമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. സജീവ് ജോസഫ് | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിൽ നടപ്പാക്കിയ ഏതെങ്കിലും പദ്ധതികളിൽ അഴിമതി നടന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതി, ഭവന നിർമ്മാണ ധനസഹായ പദ്ധതി, മിശ്രവിവാഹ ധനസഹായ പദ്ധതി, ദുർബല ജനവിഭാഗങ്ങളുടെ പ്രത്യേക പുനരധിവാസ പദ്ധതി എന്നീ പദ്ധതികളിൽ അഴിമതി നടന്നിട്ടുള്ളതായി പരാതി ലഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽ കളിക്കളം പദ്ധതി, ഓണക്കോടി വിതരണം, പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി, 2018-19 വർഷത്തെ ഫുഡ് സപ്പോർട്ട് പദ്ധതി എന്നീ പദ്ധതികളെക്കുറിച്ച് പരാതി ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത അഴിമതി ആരോപണത്തിന്മേൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടി വിശദമാക്കുമോ; | (ബി) | പട്ടികജാതി വികസന വകുപ്പിൽ അന്വേഷണം നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ പണം ദുരുപയോഗം ചെയ്തതായി കണ്ടെത്തിയ വിഷയത്തിൽ കുറ്റക്കാരായ ഉദ്യോഗസ്ഥരിൽ നിന്നും പ്രസ്തുത തുക ഈടാക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. 2016-17 ലെ കളിക്കളം പദ്ധതിയിൽ വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടെങ്കിലും ഉദ്യോഗസ്ഥർ അഴിമതി നടത്തിയതായി കണ്ടെത്തിയിട്ടില്ല. വകുപ്പുതല പരിശോധനയുടെ ഭാഗമായി ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് മറയൂർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറെ സസ്പെന്റ് ചെയ്ത് വകുപ്പുതല നടപടി സ്വീകരിച്ചു. |
| (സി) | ഏതെങ്കിലും അഴിമതി ആരോപണത്തിന്മേൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിട്ടുണ്ടോ ; വിശദാംശം നൽകുമോ; | (സി) | 'ജനനീ ജന്മ രക്ഷ' പദ്ധതി, പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി എന്നീ പദ്ധതികളിലെ അഴിമതി സംബന്ധിച്ച് ആരോപണ വിധേയരായ ഉദ്യോഗസ്ഥരെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് വിജിലൻസിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കിർത്താഡ്സിൽ നടന്നതായി പറയപ്പെടുന്ന നിയമനത്തട്ടിപ്പും അഴിമതിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കിർത്താഡ്സ് വകുപ്പിലെ സ്ഥിരം തസ്തികകളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണ് നിയമനം നടത്തുന്നത്. വകുപ്പിൽ മുൻകാലയളവിൽ കരാറടിസ്ഥാനത്തിൽ നിയമിതരായവരുടെ സർവ്വീസ് റഗുലറൈസ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ